ഉത്തരം

ഏലമല മേഖലയിൽ മതികെട്ടാൻ എന്ന സ്ഥലത്ത് 1281.741 ഹെക്ടർ സ്ഥലത്തുള്ള അനധികൃത കയ്യേറ്റങ്ങൾ റവന്യൂ, വനം, പോലീസ് വകുപ്പുകൾ ചേർന്ന് ഒഴിപ്പിച്ചിട്ടുണ്ട്. ബാക്കി സ്ഥലത്തുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നിയമാനുസൃതമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വേമ്പനാട്ടുകായലും ചുറ്റുമുള്ള ജലാശയങ്ങളിലെയും പരിസ്ഥിതി പഠനം

103 [658] ശ്രീ. ടി. എൻ. പ്രതാപൻ :
,, എം. എ. വാഹീദ് :
,, എ. കെ. മണി :
,, കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേമ്പനാട്ടുകായലിന്റെയും റാംസർ പ്രദേശമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള മറ്റ് ജലാശയങ്ങളുടെയും അവയുടെ ചുറ്റുപാടുകളെയും പറ്റി പരിസ്ഥിതി സംബന്ധമായ എന്തെല്ലാം പഠനം നടത്തിയിട്ടുണ്ട് ;

(ബി) പ്രസ്തുത കായലിലും മറ്റ് റാംസർ പ്രദേശങ്ങളിലുമുള്ള ജൈവ വൈവിദ്ധ്യത്തിന്റെ വിശദാംശം നൽകുമോ ; ഇവയ്ക്ക് നാശം സംഭവിക്കാതിരിക്കാൻ എന്തെല്ലാം മുൻകരുതലെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വനം വകുപ്പിനുവേണ്ടി സെന്റർ ഫോർ എൻവയോൺമെന്റ് ആന്റ് ഡവലപ്മെന്റ് സ്ഥാപനം "സർവ്വേ ആന്റ് ഇൻവെന്ററി ഓഫ് വെറ്റ് ലാന്റ് ഓഫ് കേരള ഫോർ കൺസർവേഷൻ ആന്റ് സസ്റ്റെനബിൾ മാനേജ്മെന്റ് ഓഫ് റിസോഴ്സ്" എന്ന പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചതിൽ വേമ്പനാട്ട് കായലും ഉൾപ്പെടുന്നു. കൂടാതെ വേമ്പനാട്ട് പ്രദേശത്തെ പക്ഷികളുടെ സർവ്വേ വനം വകുപ്പും സന്നദ്ധ സേവാ സംഘടനകളും ചേർന്ന് എല്ലാ വർഷവും നടത്തിവരുന്നുണ്ട്.

(ബി) പ്രസ്തുത പ്രദേശങ്ങളുടെ ജൈവ വൈവിദ്ധ്യ സമ്പത്തിനെപ്പറ്റി വനം വകുപ്പ് നേരിട്ട് പഠനങ്ങളൊന്നും നടത്തിയിട്ടില്ല. എന്നാൽ വേമ്പനാട് കായലിൽ 192 ഇനം പക്ഷികൾ, ഒരിനം സസ്തിനി, 14 ഉരഗങ്ങൾ, 58 ഇനം മത്സ്യങ്ങൾ, 171 ഇനം സസ്യജാതികൾ എന്നിവയുണ്ടെന്ന് മറ്റ് പഠനങ്ങളിൽ നിന്നും കണ്ടെത്തിയിട്ടുണ്ട്. ഈ പ്രദേശത്തെ ജൈവ വൈവിദ്ധ്യ സംരക്ഷണത്തിനുവേണ്ടി വന്യജീവി (സംരക്ഷണ) നിയമ പ്രകാരം വേമ്പനാട്ട് കൺസർവേഷൻ റിസർവ്വ് രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ വന്യജീവി നിയമം കർശനമായി നടപ്പാക്കിയും ജനങ്ങളിൽ ജൈവ വൈവിദ്ധ്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം വളർത്തിയും സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly